ശിശുദിനത്തിന് കുട്ടികളുടെ പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം

40 (4200) ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുദിനത്തിന് കുട്ടികളുടെ പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമമെന്താണ് ;

(ബി) ഈ വർഷം എത്ര കുട്ടികളെ ഇതോടനുബന്ധിച്ചുള്ള പ്രസംഗ മത്സരത്തിൽ പങ്കെടുപ്പിച്ചു ; ഏതെല്ലാം ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളാണ് ഈ പ്രസംഗ മത്സരത്തിൽ പങ്കെടുത്തത് ;

(സി) ഈ പ്രസംഗ മത്സരത്തിനുള്ള വിഷയം മത്സരത്തിനുള്ള വിഷയം എന്തായിരുന്നു എന്നും അത് നിശ്ചയിച്ചതാരാണെന്നും എപ്പോഴാണ് വിഷയം നിശ്ചയിച്ചത് എന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പ്രസംഗ മത്സരം നടത്തിയത് ആരുടെ ആഭിമുഖ്യത്തിൽ ആയിരുന്നു എന്നും ഇതിന്റെ ജഡ്ജസ് ആരെല്ലാമായിരുന്നു എന്നും വെളിപ്പെടുത്തുമോ ;

(ഇ) ഈ വർഷത്തെ കുട്ടികളുടെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടത് ഏത് സ്കൂളിലെ ഏത് ക്ലാസിൽ പഠിക്കുന്ന കുട്ടിയാണ് എന്നും ആ കുട്ടിക്ക് ശിശുക്ഷേമ സമിതി ഭാരവാഹികളിലാരെങ്കിലുമായി എന്തെങ്കിലും ബന്ധം ഉണ്ടോ എന്നും വെളിപ്പെടുത്തുമോ ;

(എഫ്) മുൻപ് ശിശുക്ഷേമ സമിതി ഭാരവാഹികളുമായി ബന്ധമുള്ള കുട്ടികളുടെ പ്രധാനമന്ത്രിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശിശുദിനാഘോഷ മത്സരങ്ങളെക്കുറിച്ച് പത്രങ്ങളിൽ പരസ്യം ചെയ്തും, തിരുവനന്തപുരം സിറ്റിയിലെ സ്കൂളുകളിൽ അറിയിപ്പുകൾ നൽകിയും, ഓരോ സ്കൂളിൽ നിന്നും ഒരിനത്തിൽ 2 കുട്ടികളെ വീതം മത്സരത്തിൽ പങ്കെടുപ്പിക്കും. എൽ.പി. വിഭാഗം കുട്ടികളുടെ മലയാള പ്രസംഗ മത്സരത്തിൽ വിജയികളാകുന്ന ആദ്യത്തെ 5 പേരിൽ നിന്നും സ്കീനിംഗ് ടെസ്റ്റ് നടത്തി കുട്ടികളുടെ പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കുന്നു.

(ബി) ഈ വർഷം എൽ.പി. വിഭാഗം മലയാള പ്രസംഗ മത്സരത്തിൽ 15 കുട്ടികൾ പങ്കെടുത്തു. 3-ാം ക്ലാസിലും 4-ാം ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 'നെഹ്റുവും കുട്ടികളും' എന്നതായിരുന്ന എൽ.പി. വിഭാഗം കുട്ടികളുടെ പ്രസംഗ മത്സരത്തിനുള്ള വിഷയം. മത്സരത്തിന് വരുന്ന വിധികർത്താക്കളാണ് വിഷയം നൽകുന്നത്. പ്രസംഗ മത്സരം തുടങ്ങുന്നതിന് 5 മിനിട്ട് മുൻപ് വിഷയം കുട്ടികൾക്ക് നൽകുന്നു.

(ഡി) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിലാണ് എല്ലാ വർഷവും പ്രസംഗ മത്സരം നടത്തുന്നത്. ശ്രീ. കല്ലറ അജയൻ, ടീച്ചർ, ഭരതന്നൂർ ഹൈസ്കൂൾ-ശ്രീ രാജീവ്, ടീച്ചർ, നന്ദിയോട് ഹൈസ്കൂൾ-ശ്രീ. രവീന്ദ്രൻ നായർ, ടീച്ചർ, മിത്രമ്മല ഹൈസ്കൂൾ എന്നിവരായിരുന്നു ഇതിന്റെ ജഡ്ജസ്.

(ഇ) ഈ വർഷത്തെ കുട്ടികളുടെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടത് തിരുവനന്തപുരം നിർമ്മലാഭവൻ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. ഈ കുട്ടി ശിശുക്ഷേമ സമിതി രണ്ടാം വൈസ് പ്രസിഡന്റിന്റെ മകളാണ്.

(എഫ്) മുൻപ് ശിശുക്ഷേമ സമിതി ഭാരവാഹികളുമായി ബന്ധമുള്ള കുട്ടികളാരും കുട്ടികളുടെ പ്രധാനമന്ത്രി ആയിട്ടില്ല.

ഒരുകപ്പ് പാലും ഷേക്ക്ഹാന്റും പദ്ധതി

41 (T 4201) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരുകപ്പ് പാലും ഷേക്ക് ഹാന്റും പദ്ധതിക്കായി സർക്കാർ എന്തു തുക ചെലവിട്ടു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിപ്രകാരം ഓരോ നിയോജക മണ്ഡലത്തിലും നാളിതുവരെ എത്ര പാൽ വിതരണം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിപ്രകാരം അർഹരായവർക്ക് പാൽ ലഭിക്കുന്നില്ല എന്നതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ചെലവിടുന്ന തുക അർഹരായവർക്ക് പ്രയോജന പ്രദമായതരത്തിൽ വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2002-03 വർഷത്തിൽ 14.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly